**ഭരണഭാഷ-മാതൃഭാഷ**

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

**സി.ജി & എ.സി/47670/2016** **തീയതി : 16/11/2016**

## സർക്കുലർ

**വിഷയം:** HSE - CG & AC- വിദ്യാലയങ്ങളിലെ ശിക്ഷാ നടപടികൾ മാതൃകാപരമായിരിക്കേണ്ടത് സംബന്ധിച്ച്.-

ഹയർസെക്കണ്ടറി വിദ്യാർത്ഥികളിൽ കണ്ടുവരുന്ന അച്ചടക്കരാഹിത്യവും എതിർലിംഗക്കാരുമായുള്ള സ്നേഹബന്ധങ്ങളും പലപ്പോഴും സ്ക്കൂളിൽ പ്രശ്നം സൃഷ്ടിക്കുകയും പ്രിൻസിപ്പലിന്റെയും അദ്ധ്യാപകരുടെയും കർശനമായ ഇടപെടലുകൾക്കു അവസരം ഒരുക്കുകയും ചെയ്യുന്നു.

എന്നാൽ ഇത്തരം വിദ്യാർത്ഥികളെ തെറ്റിൽ നിന്നു പിന്തിരിപ്പിക്കുവാൻ അദ്ധ്യാപകർ നടത്തുന്ന ശിക്ഷാ നടപടികൾ അവരുടെ വ്യക്തിത്വ ബോധത്തിനു ഹാനി ഉണ്ടാക്കുകയും ചിലതെങ്കിലും ആത്മഹത്യയിലേക്ക് നയിക്കപ്പെടുകയും ചെയ്യുന്നു.

തെറ്റ് ചെയ്ത വിദ്യാർത്ഥികളെ പരസ്യമായി അസംബ്ലിയിൽ വച്ച് മാപ്പ് പറയിക്കുക, ക്ലാസ്സിൽ മറ്റ് സഹപാഠികളുടെ മുന്നിൽ വച്ച് ആക്ഷേപിക്കുക, സ്റ്റാഫ് റൂമിൽ വച്ച് മറ്റ് അദ്ധ്യാപകരുടെ മുന്നിൽ പരസ്യമായി കുറ്റവിചാരണ ചെയ്യുക തുടങ്ങിയ ശിക്ഷാ നടപടികൾ പല വിദ്യാലയങ്ങളിലും നടക്കുന്നതായി അറിയുവാൻ കഴിയുന്നു.

കൗമാര കാലഘട്ടത്തിൽ വിദ്യാർത്ഥികളിൽ അഭിമാന-ദുരഭിമാന-മിഥ്യാബോധങ്ങൾ രൂപപ്പെട്ടുവരുന്നതിനാൽ വിദ്യാർത്ഥികളെ പരസ്യമായി (പ്രത്യേകിച്ച് എതിർലിംഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ മുന്നിൽ വച്ച്) ശാസിക്കുന്നത് അവരുടെ വ്യക്തിത്വ ബോധത്തിനു നേരെയുള്ള ആഘാതമായി കാണേണ്ടതും ഇത് ആത്മഹത്യയിലേക്കു നയിക്കപ്പെടാൻ സാധ്യതയുള്ളതിനാൽ ഇത്തരം ശാസനാരീതി ഉപേക്ഷിക്കേണ്ടതുമാണ്.

ഹയർ സെക്കണ്ടറി അധ്യാപകർ ഇത്തരം അവസരങ്ങളിൽ കാര്യബോധത്തോടെ പെരുമാറുകയും കുട്ടികൾ ചെയ്യുന്ന തെറ്റുകൾക്ക് അവരെ ശിക്ഷിക്കുകയോ ശാസിക്കുകയോ ചെയ്യുമ്പോൾ കുട്ടിയുടെ അഭിമാനബോധത്തിനു ആഘാതമേൽപ്പിക്കാതെ മാതൃകാപരമായാണ് ശിക്ഷാ നടപടികൾ

സ്വീകരിക്കുന്നതെന്ന് പ്രിൻസിപ്പാൾമാർ ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. വിദ്യാർത്ഥികളുടെ നല്ലതും ക്രിയാത്മകവുമായ കഴിവുകളെ പരസ്യമായി അഭിനന്ദിക്കുകയും തെറ്റുകളെ രഹസ്യമായി ശാസിക്കുകയും ചെയ്യുന്നത് വഴി വിദ്യാർത്ഥിയും അദ്ധ്യാപകനും തമ്മിൽ ദൃഢമായ സൗഹൃദം രൂപപ്പെടുകയും അത് വിദ്യാർത്ഥിയുടെ വ്യക്തിത്വത്തെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു.

വിദ്യാലയത്തിൽ ഏത് ശിക്ഷാ നടപടിയാണ് സ്വീകരിക്കേണ്ടത് എന്നത് അദ്ധ്യാപകന്റെ ധാർമ്മിക ബോധത്തെയും വിശകലനശേഷിയെയും പ്രശ്നത്തോടുള്ള സമീപനത്തെയും അടിസ്ഥാനമാക്കിയുള്ളതായിരിക്കണം. ഇക്കാര്യത്തിൽ അദ്ധ്യാപകർ വേണ്ടത്ര ജാഗ്രത പാലിക്കേണ്ടതാണ്.

*ഒപ്പ്*
*ഡയറക്ടർ*